# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

# വൈദ്യുതി അദാലത്ത് – 2020

<u>സ്ഥലം</u>

**അഞ്ജലി ആഡിറ്റോറിയം, കളർകോട്, ആലപ്പുഴ.**

<u>തീയതി, സമയം</u>

**2020 ഫെബ്രുവരി 20 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ**

ഉപഭോക്തൃ സംതൃപ്തി ലക്ഷ്യമിട്ടും പരാതിരഹിത സ്ഥാപനമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി ലിമിറ്റഡുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ കേൾക്കുന്നതിനും സമയസബന്ധിതമായി പരിഹരിക്കുന്നതിനും ബഹു. വൈദ്യുതി മന്ത്രി പങ്കെടുത്തുകൊണ്ട് ജനകീയ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കുന്നു. ആലപ്പുഴ ജില്ലയിലെ പ്രസരണ, വിതരണ മേഖലകളിലെ ഓഫീസുകളുമായി ബന്ധപ്പെട്ട "വൈദ്യുതി അദാലത്ത്" 2020 ഫെബ്രുവരി മാസം 20-ാം തീയതി രാവിലെ 10 മണി മുതൽ ആലപ്പുഴ, കളർകോട് അഞ്ജലി ആഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നു. പരാതികൾ വിശദമായി എഴുതി തയാറാക്കി പേര്, മേൽവിലാസം, ഫോൺനമ്പർ, സെക്ഷന്റെ പേര്, കൺസ്യൂമർ നമ്പർ, പോസ്റ്റ് നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തി ഫെബ്രുവരി 10 ന് വൈകിട്ട് 5 മണിക്കകം അടുത്തുള്ള വൈദ്യുതി കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഓരോ പരാതിയിന്മേലുമുള്ള പരിഹാരം അല്ലെങ്കിൽ തീരുമാനം ഫെബ്രുവരി 20 ന് നടക്കുന്ന വൈദ്യുതി അദാലത്തിൽ പ്രഖ്യാ പിക്കുന്നതായിരിക്കും. പൊതുജനങ്ങളും ഉപഭോക്താക്കളും ഈ അവസരം പരമാവധി വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അദാലത്തുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 9496008413 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. പരാതികൾ സമർപ്പിക്കുന്നതിന് യാതൊരുവിധ തുകയും ഈടാക്കുന്നതല്ല.

പ്രോപ്പർട്ടി ക്രോസിംഗ് പരാതികൾ, മരം മുറിക്കുന്നതിനുള്ള നഷ്ടപരിഹാരം, സർവ്വീസ് കണക്ഷൻ, ലൈൻ, പോസ്റ്റ് എന്നിവ മാറ്റുന്നത്, ഡിസ്മാന്റ്ലിംഗ് കേസുകൾ, ബിൽ സംബന്ധമായ പരാതികൾ, താരിഫ്, കേടായ മീറ്റർ സംബന്ധമായ പരാതികൾ, കുടിശ്ശിക നിവാരണം, ആർ.ആർ. നടപടികൾ, ലിറ്റിഗേഷൻ കേസുകൾ, വോൾട്ടേജ് ലഭ്യത കുറവ്, വൈദ്യുതിയുടെ തെറ്റായ ഉപയോഗം (വൈദ്യുതി മോഷണം ഒഴികെ), കേബിൾ ടി.വി ലൈൻ സംബന്ധമായ പരാതികൾ, വൈദ്യുതി ലൈനുമായി നിയമാനുസൃത അകലം പാലിക്കൽ-സുരക്ഷ സംബന്ധിച്ച പരാതികൾ, പ്രസരണ വിതരണ വിഭാഗങ്ങളുമായി ബന്ധപ്പെട്ട മറ്റു പരാതികൾ മുതലായവ ഈ അദാലത്തിൽ പരിഗണിക്കുന്നതാണ്.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
(ചെയർ പേഴ്സൺ & കൺവീനർ)
ഇലക്ട്രിക്കൽ സർക്കിൾ, ആലപ്പുഴ.

ആലപ്പുഴ
04.01.2020